**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4472** **18-03-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര മാരിടൈം ഹബ്ബ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരളം അന്താരാഷ്ട്ര മാരിടൈം ഹബ്ബായി വളരുന്നതിനായി തുറമുഖ മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങളിലും ചരക്ക് യാത്രാ ഗതാഗതത്തിന് ആവശ്യമായ കപ്പൽ ചാനലിലെ ആഴം, തുറമുഖ വാർഫ്, ക്രെയിനുകൾ, മറ്റു യന്ത്രസാമഗ്രികൾ, വെയർഹൗസുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് . നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക്യാത്രാ കപ്പലുകൾ അടുപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. കപ്പൽ ചാനലിന്റെ ആഴം കൂട്ടിയും, അഡീഷണൽ വാർഫുകൾ നിർമ്മിച്ചും, കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരളത്തെ അന്താരാഷ്ട്ര മാരിടൈം ഭൂപടത്തിൽ കൊണ്ടുവരുന്നതിന് വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നിർണായക പങ്കുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം 10 ലക്ഷം TEU സ്ഥാപിത ശേഷിയുള്ള ഒന്നാം ഘട്ടം 2024 ഡിസംബർ 3 ന് പ്രവർത്തനക്ഷമമായിട്ടുണ്ട്. ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ വ്യവസ്ഥ പ്രകാരം 2028 ഡിസംബറിന് മുമ്പ് തന്നെ തുറമുഖത്തിന്റെ തുടർ ഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന തോട്ടു കൂടി തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 30 ലക്ഷം TEU ആയി ഉയരുന്നതാണ്. തുടർ ഘട്ടങ്ങളുടെ പദ്ധതി ചെലവായി ഏകദേശം 9500 കോടി രൂപയാണ് AVPPL കണക്കാക്കിയിട്ടുള്ളത്.<br><br>തുടർ ഘട്ടങ്ങൾക്കുള്ള പാരിസ്ഥിതികാനുമതി 10/03/2025 ന് കേന്ദ്ര വനം-പരിസ്ഥിതി |

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിൽ നിന്നും ലഭിക്കുകയുണ്ടായി. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണ ശേഷി കൈവരിക്കുന്നതോടു കൂടി കേരളത്തിൽ വലിയ തോതിലുള്ള വാണിജ്യ-വ്യാവസായിക വളർച്ചയുണ്ടാകുന്നതാണ്. ഇതിനായി ക്രിയാത്മകമായ പല പദ്ധതികൾക്കും രൂപം നൽകി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം-കൊല്ലം - പുനലൂർ വളർച്ചാ ത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർത്ഥ്യമാക്കി തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു.<br><br>വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് NHAI യുമായി ചേർന്ന് ഔട്ടർ റിംഗ് റോഡ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും സ്ഥാപിക്കപ്പെടുന്നതോടുകൂടി തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന ബൃഹത് പദ്ധതിയാണിത് . |
| (ബി) | ഈ മേഖലയിലെ വികസനലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി നിക്ഷേപസമാഹരണം നടത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കുവാൻ ഉതകുന്ന മേഖലയാണ്. സ്വകാര്യ നിക്ഷേപം ആകർഷിച്ച് കേരള മാരിടൈം ബോർഡിന്റെ കിഴിലുള്ള നാല് തുറമുഖങ്ങളും പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി വരുന്നു. പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുവാനും സാധ്യത തേടുന്നു. ഇതിനായി താല്പര്യപത്രം ക്ഷണിക്കുകയും പ്രീ ബിസിനസ് മീറ്റിംഗ് കൂടുകയും ചെയ്തിട്ടുണ്ട്. ചരക്ക് ഗതാഗതം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ വാണിജ്യ സംഘടനകൾ, വെസ്സൽ ഓപ്പറേറ്റേഴ്സ് മറ്റ് ബന്ധപ്പെട്ടവർ എന്നിവർ തമ്മിൽ ചർച്ച നടത്തുന്നതിന് കേരള മാരിടൈം ബോർഡ് മുൻകൈ എടുക്കുന്നുണ്ട്.<br><br>തുറമുഖാധിഷ്ഠിതമായ വിവിധ മേഖലകളിൽ സംരംഭകരെ ആകർഷിക്കുന്നതിലേക്കായി ജനുവരി 29, 30 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ്, ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. അന്താരാഷ്ട്ര |

| | | | |
|---|---|---|---|
| | | | മാരിടൈം ഉൾപ്പടെ വിവിധ മേഖലകളിൽ നിരവധി നിക്ഷേപകർ താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വരുന്നുണ്ട്. ഇതിലൂടെ തെക്കൻ കേരളമുൾപ്പെടെ എല്ലാ ജില്ലകളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെയും ലോജിസ്റ്റിക് സേവന ദാതാക്കളുടെയും ഒരു ശൃംഖല തന്നെ അടുത്ത 5 വർഷത്തിനുള്ളിൽ രൂപം കൊള്ളുന്നതാണ്. |
| (സി) | ആഗോളനിക്ഷേപക ഉച്ചകോടിയിലൂടെ ഈ രംഗത്ത് നിക്ഷേപം ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കുവാൻ ഉതകുന്ന മേഖലയാണ്. സ്വകാര്യ നിക്ഷേപം ആകർഷിച്ച് കേരള മാരിടൈം ബോർഡിന്റെ കിഴിലുള്ള നാല് തുറമുഖങ്ങളും പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി വരുന്നു. പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുവാനും സാധ്യത തേടുന്നു. ഇതിനായി താലര്യപത്രം ക്ഷണിക്കുകയും പ്രീ ബിസിനസ് മീറ്റിംഗ് കൂടുകയും ചെയ്തിട്ടുണ്ട്. ചരക്ക് ഗതാഗതം ഉറപ്പാക്കുന്നതിന് ഈ മേഖലയിലെ വാണിജ്യ സംഘടനകൾ, വെസ്സൽ ഓപ്പറേറ്റേഴ്സ് മറ്റ് ബന്ധപ്പെട്ടവർ എന്നിവർ തമ്മിൽ ചർച്ച നടത്തുന്നതിന് കേരള മാരിടൈം ബോർഡ് മുൻകൈ എടുക്കുന്നുണ്ട്.<br><br>തുറമുഖാധിഷ്ഠിതമായ വിവിധ മേഖലകളിൽ സംരംഭകരെ ആകർഷിക്കുന്നതിലേക്കായി ജനുവരി 29, 30 തീയതികളിൽ വിഴിഞ്ഞം കോൺക്ലേവ്, ഫെബ്രുവരി 21, 22 തീയതികളിൽ ഇൻവെസ്റ്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. അന്താരാഷ്ട്ര മാരിടൈം ഉൾപ്പടെ വിവിധ മേഖലകളിൽ നിരവധി നിക്ഷേപകർ താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വരുന്നുണ്ട്. ഇതിലൂടെ തെക്കൻ കേരളമുൾപ്പെടെ എല്ലാ ജില്ലകളിലും തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെയും ലോജിസ്റ്റിക് സേവന ദാതാക്കളുടെയും ഒരു ശൃംഖല തന്നെ അടുത്ത 5 വർഷത്തിനുള്ളിൽ രൂപം കൊള്ളുന്നതാണ്. |
| (ഡി) | അന്താരാഷ്ട്ര മാരിടൈം ഹബ്ബ് എന്ന ലക്ഷ്യം സാധ്യമാകുന്നതിന് അനുയോജ്യമായ ഏതെല്ലാം അനുകൂലഘടകങ്ങളാണ് ഉള്ളത്; വിശദമാക്കുമോ? | (ഡി) | ചെറുകിട തുറമുഖങ്ങളിലൂടെ ചരക്ക് നീക്കം സുഗമമാക്കുന്നതിനും കടൽ മാർഗ്ഗമുള്ള ഗതാഗതം ഉണർവിൽ ആക്കുന്നതിനുമായി മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുമായി കൂടിക്കാഴ്ചകളും ചർച്ചകളും നടത്തിവരുന്നു. കേരള മാരിടൈം ബോർഡിന് കിഴിലുള്ള നാല് ഓപ്പറേഷണൽ നോൺ മേജർ തുറമുഖങ്ങളിലും ചെറുതും ഇടത്തരവുമായ കപ്പലുകൾ അടുക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിൽ മൂന്നു |

| | | | |
|---|---|---|---|
| | | | തുറമുഖങ്ങൾക്ക് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ISPS കോഡ് കംപ്ലയന്റ്സ് സർട്ടിഫിക്കറ്റും, എമിഗ്രേഷൻ നടത്താൻ ആവശ്യമായ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസും നേടിയെടുത്തിട്ടുണ്ട്. കൂടാതെ കേരള മാരിടൈം സൊസൈറ്റിയുടെ കീഴിലുള്ള നീണ്ടകര മാരിടൈം അക്കാഡമി സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം അക്കാഡമിയായി വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊടുങ്ങല്ലൂർ മാരിടൈം അക്കാഡമിയിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകൃത കോഴ്സുകൾ നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നു. ഈ രണ്ട് അക്കാഡമികളെയും മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>അന്താരാഷ്ട്ര മാരിടൈം ഹബ്ബ് ആകുന്നതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ അന്താരാഷ്ട്ര കപ്പൽ ചാലിലേക്കുള്ള അടുപ്പം (10 നോട്ടിക്കൽ മൈൽ), നിലവിൽ കണ്ടെയ്നർ ചരക്ക് ഗതാഗതം നടത്തുന്ന ഏറ്റവും വലിയ കപ്പലുകൾക്ക് അടുക്കാൻ കഴിയുന്ന സ്വാഭാവിക ആഴം (18 m-ൽ അധികം) വിഭാവനം ചെയ്തിട്ടുണ്ട്. റോഡ്, റെയിൽ കണക്റ്റിവിറ്റി എന്നിവ അന്താരാഷ്ട്ര ഹബ്ബ് പോർട്ടായി വിഴിഞ്ഞം മാറുന്നതിനും കേരളത്തിന്റെ മാരിടൈം വികസനത്തിന് സാധ്യമാകുന്നതിനുള്ള അനുകൂല ഘടകങ്ങൾ ആണ്. കൂടാതെ തുറമുഖാധിഷ്ഠിത രാജ്യാന്തര കയറ്റിറക്ക് (EXIM) ലക്ഷ്യമാക്കി വാണിജ്യ വ്യവസായ പദ്ധതികളുടെ സാധ്യതയും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ